വിധേയമായി ജില്ലാ റിക്രൂട്ട്മെന്റിൽപ്പെട്ട ഹെഡ് ക്വാർട്ടർ നിയമനം ലഭിച്ച ജീവനക്കാർക്ക് മാതൃജില്ലയിലേക്ക് അഞ്ച് വർഷ നിബന്ധന കൂടാതെ തന്നെ മാറ്റം ലഭിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ കോടതികൾ

44 (T 2860) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ കോടതികളിലായി എത്ര കേസ്സുകൾ തീർപ്പാക്കുവാനുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജില്ലയിൽ കൂടുതൽ അതിവേഗകോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; നിലവിൽ ജില്ലയിൽ എത്ര അതിവേഗകോടതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 22483 സിവിൽ കേസ്സുകളും 39509 ക്രിമിനൽ കേസ്സുകളും തീർപ്പാക്കുവാനുണ്ട്.

(ബി) കീഴ്ക്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുണ്ട്. കേസ്സുകൾ തീർപ്പാക്കുന്നതിനായി special list system, unit system, target fixation എന്നീ രീതികൾ നടപ്പിലാക്കിവരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്.

(സി) പാലക്കാട് ജില്ലയിൽ അതിവേഗ കോടതികൾ തുടങ്ങുന്നതിനുള്ള ശിപാർശകൾ ഒന്നും നിലവിലില്ല. ഇപ്പോൾ ഒന്നും പ്രവർത്തിക്കുന്നില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) e-court പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് കീഴ്ക്കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. e-court പദ്ധതിയുടെ ആദ്യഭാഗം 31-3-2015-ൽ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കോടതികളിൽ e-court project-ന്റെ കീഴിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോടതികളുടെ പഴക്കവും അസൗകര്യവും

45 (T 2861) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ വിവിധ കോടതികളുടെ പഴക്കവും അസൗകര്യവുംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കോടതിയുടെ സൗകര്യങ്ങൾ കാലികമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ 8 കോടതി സമുച്ചയങ്ങളിൽ ആലപ്പുഴ, മാവേലിക്കര, ചേർത്തല, അമ്പലപ്പുഴ എന്നീ കോടതി സമുച്ചയങ്ങളിൽ പ്രത്യേകിച്ച് അസൗകര്യങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹരിപ്പാട് കോടതി സമുച്ചയത്തിന്റെ ഒന്നാംഘട്ടം നിർമ്മാണം പൂർത്തിയായി. കോടതി പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. ചെങ്ങന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് രാമങ്കരിയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കായംകുളത്ത് പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പുതുക്കിയ പ്ലാൻ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly